Draft #2 of File 4524/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Sep-2019 04:34 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

സി.എം.എസ്.കോളേജ്, കോട്ടയം (സ്വയംഭരണം) - കോളേജിലെ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ 2019 അദ്ധ്യയന വർഷം മുതൽ സ്വീകരിക്കുന്ന സർവ്വകലാശാലയിൽ സമർപ്പിച്ചിട്ടുള്ള പരിഷ്കരിച്ച സിലബസുകൾക്ക് അംഗീകാരം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4402/AC B 7/2019/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 19.09.2019

---

പരാമർശം:-1) 30/05/2019 തീയതിയിലുള്ള സി.എം.എസ് കോളേജ് പ്രിൻസിപ്പലിന്റെ CMS/679/2019 നമ്പർ കത്ത്
2) 21/11/2018 - ലെ 8191/3/ഏസിബി VII/2018 നമ്പർ സർവ്വകലാശാല ഉത്തരവ്.
3) 30/05/2019 - ലെ സി.എം.എസ് കോളേജ് പ്രിൻസിപ്പലിന്റെ പ്രസ്താവന.

**ഉത്തരവ്**

സ്വയംഭരണ കോളേജായ കോട്ടയം സി.എം.എസ് കോളേജിലെ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ 2019 അദ്ധ്യയന വർഷം മുതൽ സ്വീകരിക്കുന്ന പരിഷ്കരിച്ച സിലബസുകൾ പരാമർശം(1) പ്രകാരം സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. സ്വയംഭരണ കോളേജുകളിൽ നടത്തിവരുന്ന വിവിധ പ്രോഗ്രാമുകളുടെ സർവ്വകലാശാലയിൽ സമർപ്പിച്ചിരിക്കുന്ന പരിഷ്കരിച്ച സിലബസുകൾക്ക് സർവ്വകലാശാല അംഗീകാരം നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ മാർഗനിർദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടയം സി.എം.എസ് കോളേജിൽ 2019-'20 വർഷം മുതൽ സ്വീകരിക്കുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ സിലബസുകളിലെ പരിഷ്കരണം 20%-ൽ താഴെയാണെന്ന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ആയതിനാൽ പരാമർശം(2),(3) എന്നിവയുടെ അടിസ്ഥാനത്തിൽ കോട്ടയം സി.എം.എസ് കോളേജിലെ താഴെ സൂചിപ്പിക്കുന്ന 15 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ 2019-'20 വർഷം മുതലുള്ള പരിഷ്കരിച്ച സിലബസുകൾക്ക് അംഗീകാരം നൽകി ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. MA English
2. MA Sociology
3. MA History
4. MA Malayalam
5. M.Sc.Mathematics
6. M.Sc. Physics
7. M.Sc. Applied Physics
8. M.Sc. Chemistry
9. M.Sc. Applied Chemistry
10. M.Sc. Analytical Chemistry
11. M.Sc. Botany
12. M.Sc. Zoology
13. M.Sc. Biotechnology
14. M.Sc. Dietetics & Food Service Management
15. M.Com.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ സി.എം.എസ് കോളേജ് , കോട്ടയം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി.
9. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ / ഇ.ഐ.39 സെക്ഷൻ
10. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 4524/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Sep-2019 04:34 PM - Page 2